ചെറുകിട വനവിഭവങ്ങൾക്ക് ഈടാക്കുന്ന വിൽപ്പന നികുതി

19 [4757] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ വനങ്ങളിൽനിന്നും ശേഖരിച്ച് ആദിവാസി സഹകരണ സംഘങ്ങൾവഴി വിൽക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് വിൽപ്പന നികുതി ഈടാക്കുന്നുണ്ടോ;

(ബി) എത്ര ശതമാനം വിൽപ്പന നികുതിയാണ് ഓരോ ഇനങ്ങൾക്കും ഈടാക്കുന്നത്;

(സി) ആദിവാസികൾ ശേഖരിക്കുന്നതും ആദിവാസി സഹകരണ സംഘങ്ങൾവഴി വിൽപ്പന നടത്തുന്നതുമായ എല്ലാ ചെറുകിട വനവിഭവങ്ങളേയും വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഷെഡ്യൂൾഡ് കാസ്റ്റ്/ട്രൈബ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് ആദിവാസികളിൽനിന്നും ശേഖരിച്ചു വിൽക്കുന്ന ചെറുകിട വന വിഭവങ്ങളെ എസ്.ആർ.ഒ. 527/02 പ്രകാരം 1-1-2000 മുതൽ 31-3-2003 വരെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നിയമം നടപ്പിൽ വരുന്നതു വരെ ഈ നികുതിയിളവ് തുടർന്ന് നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

(ബി) നിലവിലുള്ള വിൽപ്പന നികുതി നിരക്ക് താഴെ വിവരിക്കുന്നു:

1.	സുഗന്ധദ്രവ്യം	..	4%
2.	യൂക്കാലിപ്റ്റസ് ഓയിൽ	..	8%
3.	ഹണി	..	0%
4.	ഫയർവുഡ്	..	8%
5.	ബാംബൂപ്ലൈ	..	4%
6.	ബാംബൂ മാറ്റ്	..	8%
7.	പുല്പായ്, തഴപ്പായ്	..	0%
8.	കൺട്രി പോട്സ്	..	0%

(സി) എസ്.ആർ.ഒ. 527/2002 പ്രകാരം ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് ആദിവാസികളിൽനിന്നും ശേഖരിച്ചു വില്ക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് 1-1-2000 മുതൽ 31-3-2003 വരെ വില്പന നികുതി ഒഴിവ് നൽകിയിരുന്നു. വില്പന നികുതി ഒഴിവ് മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വരുന്നതുവരെ തുടർന്നു നൽകുവാനും തീരുമാനമായിട്ടുണ്ട്.

മണലിന് നിലവിലുള്ള നികുതി നിരക്ക്

20 [4758] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഇനം മണലുകൾക്ക് എത്ര ശതമാനം നികുതി നിരക്കുകളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly